**കൽപ്പറ്റ മണ്ഡലത്തിലെ പരിസ്ഥിതി ആഘാത പഠനം**

253 (4929) ശ്രീ. സി. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018, 2019 വർഷങ്ങളിലെ പ്രളയത്തിന്റെ പശ്ചാത്തലത്തിൽ കൽപ്പറ്റ മണ്ഡലത്തിൽ ഏതെല്ലാം വില്ലേജുകളിൽ പരിസ്ഥിതി ആഘാത പഠനം നടത്തിയിട്ടുണ്ടെന്ന് അറിയിക്കുമോ; വിശദമാക്കമോ;

(ബി) ഇത്തരത്തിൽ നടത്തിയ പഠനത്തിന്റെ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ ആയതിന്റെ വില്ലേജ് തിരിച്ചുള്ള പകർപ്പ് ലഭ്യമാക്കാമോ;

(സി) ഇത്തരത്തിൽ വാസയോഗ്യമല്ല എന്ന് കണ്ടെത്തിയ സ്ഥലങ്ങളിലുള്ള ജനങ്ങളുടെ പുനരധിവാസം സംബന്ധിച്ച് തീരുമാനമെടുത്തിട്ടുണ്ടോ; വിശദമാക്കാമോ?

ഉത്തരം

(എ) പ്രളയത്തിന്റെ പശ്ചാത്തലത്തിൽ ജിയോളജിക്കൽ സർവ്വേ ഓഫ് ഇന്ത്യ ജില്ലയിലെ ഉരുൾപൊട്ടൽ സാധ്യതയുള്ള പ്രദേശങ്ങളിൽ പ്രാഥമിക പഠനം നടത്തി. എന്നാൽ കൂടുതൽ വിശദമായ പഠനം ആവശ്യമാണ് എന്ന് കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ 3-4-2019 -ലെ സർക്കാർ ഉത്തരവ് നമ്പർ 241/2019/ഡി.എം.ഡി. പ്രകാരം വയനാട് ജില്ലയിലെ ഉരുൾപൊട്ടൽ ഭീഷണിയുള്ള മേഖലകളെക്കുറിച്ച് കോഴിക്കോട് NIT നടത്തിയ വിശദമായ പഠനത്തിൽ കൽപ്പറ്റ മണ്ഡലത്തിൽ അച്ചൂരാനം, കൽപ്പറ്റ, കുന്നത്തിടവക, കണിയാമ്പറ്റ, പൊഴുതന, വെങ്ങപ്പള്ളി, ചുണ്ടേൽ എന്നീ വില്ലേജുകൾ ഉൾപ്പെട്ടിട്ടുണ്ട്. കൂടാതെ സംസ്ഥാന ദുരന്തനിവാരണ വകുപ്പിന്റെ 19-8-2019-ലെ സ.ഉ.(സാധാ)നമ്പർ 520/2019/ഡി.എം.ഡി. ഉത്തരവ് പ്രകാരം 2019 ആഗസ്റ്റ് മാസത്തിൽ ജില്ലയിൽ വിവിധയിടങ്ങളിൽ ഉണ്ടായ ഉരുൾപൊട്ടൽ/മണ്ണിടിച്ചിലിനെത്തുടർന്ന് മണ്ണിടിച്ചിൽ ബാധിത മേഖലകളിലെ പുനരധിവാസം സംബന്ധിച്ച് പഠനം നടത്തുന്നതിനായി 10 സംഘങ്ങളെ നിയോഗിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ ജില്ലയിലെ വിവിധ പ്രദേശങ്ങളിൽ പഠനം നടത്തുകയും ചെയ്തിട്ടുണ്ട്.

(ബി) പഠനത്തിന്റെ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. റിപ്പോർട്ടിലെ വിവരങ്ങൾ വില്ലേജ് തിരിച്ചുള്ള ലിസ്റ്റ് ഇതോടൊപ്പം അനുബന്ധമായി ചേർക്കുന്നു.*

(സി) വാസയോഗ്യമല്ല എന്ന് കണ്ടെത്തിയവർക്ക് സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഭൂമി വാങ്ങുന്നതിന് 6 ലക്ഷം രൂപ വീതം ധനസഹായം അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly